L. No. 5/1121 Dated 10-11-1945
Reg. No. M. 3204 C. 201

Rajarshi

# രാജൎഷി

| പുസ്തകം 12 | 1121 കുംഭം, മീനം | ലക്കം 7, 8 |
|---|---|---|

UNIVERSITY LIBRA[RY]
1 JUN 1946
MADRAS.



സ്ഥാനത്യാഗംചെയ്ത
**സർ ശ്രീരാമവൎമ്മ കൊച്ചി വലിയതമ്പുരാൻ**
ജി. സി. എസ്സ്. ഐ, ജി. സി. ഐ. ഇ, എഫ്. എം. യു.
തിരുമനസ്സുകൊണ്ട്.

# രാജർഷി

| പുസ്തകം 12 | കുംഭം 1121 | ലക്കം 7 |
|---|---|---|

## മംഗളം

ഭൂരിക്ഷേമമൊടേതു ഭൂമിപകുലാലങ്കാരമോ മാടഭൂ-
ഭാരംചെയ്തു സമുല്ലസിച്ചു നെടുനാളാരോഗ്യസൌഖ്യത്തൊടെ
ആ രാട്ടിൻെറ സുപാവനസ്മൃതി പുലർന്നീടുന്ന രാജർഷി നീ
ശ്രീരാജിക്കുക സർവ്വദാപുകഴുമൊത്തിപ്പാരിലെന്നെന്നുമേ.

ഈ. യം. രാമൻ നമ്പൂതിരിപ്പാട്.

## ഫലിതപ്രിയനായ നടുവിലേപ്പാട്

(അച്യുതത്ത് വാസുദേവൻ മൂസ്സത്)

മന്നത്തംതികഞ്ഞ നമ്പൂതിരിമാരിൽ പ്രഥമഗണനീയനായ ഒരാളായിരുന്നു സുപ്രസിദ്ധനായ "നടുവിലേപ്പാട്" എന്ന കാര്യത്തിൽ പക്ഷാന്തരത്തിന്നവകാശമുണ്ടാകുമെന്നു തോന്നുന്നില്ല. ഏതൊരു മനുഷ്യനേയും ചിരിപ്പിക്കത്തക്കവിധം ഓരോരോ കാലങ്ങളിലായി അവിടവിടെ ഇദ്ദേഹം ഉണ്ടാക്കിത്തീർത്ത നേരംപോക്കുകളിൽ ചിലതു ഇന്നും നമുക്കുകാണ്മാൻ കഴിയും. അതിൽ ഒന്നുരണ്ടെണ്ണം ഇവിടെ പ്രസ്താവിക്കാം.

ഏറനാട്ടുതാലൂക്കിൽ മലപ്പുറത്തിന്നു സമീപം "പൊന്മുള്ള" എന്നൊരു ദേശമുണ്ട്. അവിടെയുള്ള ക്ഷേത്രത്തിൻെറ ഊരാളന്മാർ പത്തു് ഇല്ലക്കാരായിരുന്നു പണ്ടു കാലത്തു ഉണ്ടായിരുന്നതു്. അതിൽ ഒരു ഇല്ലത്തു് ഒരന്തർജ്ജനംമാത്രമേ ഉണ്ടായിരുന്നുള്ളു. ഊരാളന്മാരുടെ ഉത്സാഹത്തിന്മേൽ പുതുതായി പണിതീർത്തുണ്ടാക്കിയ ബലിക്കല്ലുകൾ അതാതുസ്ഥലങ്ങളിൽ വിധിക്കുതക്കവണ്ണം സ്ഥാപിച്ചു അതിന്നു വേണ്ടുന്ന ക്രിയാദികൾ നടക്കുന്ന അവസരത്തിലാണു 'നടുവിലേപ്പാടു' അവിടെ ചെന്നുകയറിയതു്. അവിടെയുള്ള നമ്പൂതിരിമാർ ഇദ്ദേഹത്തെ അത്ര വകവെച്ചില്ല. ബഹുമാനിച്ചതുംഇല്ല—ഇതു നടുവിലേപ്പാടിലേക്കു ഒട്ടുംതന്നെ രസിച്ചില്ലെന്നു പറയേണ്ടതില്ലല്ലോ. ഇദ്ദേഹം നേരെ അന്തർജ്ജനംമാത്രമുള്ള ഇല്ലത്തേക്കു കടന്നു ചെന്നു. അന്തർജ്ജനത്തിന്നു കാര്യമൊന്നും മനസ്സിലായില്ല. അവർ ഒരു ദാസിയെ എടനിർത്തി എവിടെനിന്നാവോ: എന്താണാവോ? ഇത്യാദി ഓരോ കുശലപ്രശ്നങ്ങൾ ചെയ്തുതുടങ്ങി. നടുവിലേപ്പാട— ഞാൻ

ഒരു നമ്പൂതിരിയാണ്. ഒരുകാര്യം അറിയുവാൻവേണ്ടി ഇങ്ങോട്ടിറങ്ങി എന്നേ ഉള്ളു.

അന്തർജ്ജനം—എന്താണാവോ? നടു—ഈ ക്ഷേത്രത്തിലെ ഊരാഴ്മസ്ഥാനം ഈ ഇല്ലത്തേക്കും ഇല്ലേ? ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. അതു ഇപ്പോൾ പൊയ്പ്പോയിട്ടുണ്ടോ? എന്താ പരമാർത്ഥം.

അന്തർജ്ജനം—എന്താണാവോ ഈ പറയുന്നത്. ഊരാഴ്മസ്ഥാനം ഇവിടേക്കും ഉണ്ട്. യാതൊരു സംശയവും ഇല്ല, നടു—കുറച്ചുസംശയം എനിക്കുണ്ട്, എനിക്കല്ല പലക്കും ഉണ്ടാകും. ചുററിനകത്തു തെക്കേഭാഗത്തായി ഊരാളന്മാരെ പ്രതിഷ്ഠ കഴിച്ചതായികണ്ടു ഒമ്പതുപേരെയാണ് അവിടെ ഒരുകല്ലിന്മേൽ അടുത്തടുത്തായി പ്രതിഷ്ഠിച്ചുകണ്ടതു്. ഇവിടുത്തെ ഊരാഴ്മ—ആരോ?

അന്തർജ്ജനം—എന്താണ് അവര് ഈ കാട്ടിയതു്. ഒമ്പതുപേരെ മാത്രമായി പ്രതിഷ്ഠിക്കുകയോ? എന്നാൽ പത്തുവേണ്ടതല്ലേ? നടുവി—അതൊന്നും എനിക്ക് അറിഞ്ഞുകൂടാ. ചോദിപ്പാനാളില്ലെങ്കിൽ എല്ലാം ഇങ്ങിനെതന്നെ.

അന്തർജ്ജനം ശുണ്ഠിയെടുത്തു വേഗം ക്ഷേത്രത്തിലേക്കുപോയി ബഹളംകൂട്ടിത്തുടങ്ങി—ചുററിനകത്തു തെക്കേഭാഗത്തായി ഒമ്പതു കല്ലുകളെ പ്രതിഷ്ഠ ചെയ്തതായി കാണ്മാനുണ്ട്. ഇതു് സപ്തമാതൃക്കളും വേറെ രണ്ടു ദേവന്മാരുമാണെന്നും എല്ലാ ക്ഷേത്രങ്ങളിലും ഇതുകാണാമെന്നും എത്ര പറഞ്ഞിട്ടും അന്തർജ്ജനത്തിന്ന് വിശ്വാസം വരുന്നില്ല. ഇതു നടുവിലെപ്പാട്ട പററിച്ച പണിയാണെന്നും അദ്ദേഹത്തെ സ്വാധീനംവെക്കാതെ ക്രിയാദികൾ നിർവ്വിഘ്നം നടക്കുകയില്ലെന്നും നമ്പൂതിരിമാര് തീർച്ചയാക്കി. ഒടുവിൽ നടുവിലെപ്പാട്ടതന്നെ ഇതിന്നിടയിൽ ചാടിവീണു മാദ്ധ്യസ്ഥംവഹിച്ചകാര്യം തീർപ്പാക്കേണ്ടതായിവന്നു അന്തർജ്ജനമല്ലേ ഇവരുടെ കൂട്ടത്തിൽ ഇരിക്കേണ്ടതു ഭംഗിയല്ല. വേറെ ഇതിന്നടുത്തു അന്തർജ്ജനത്തേയും സ്ഥാപിക്കുക എന്നു പറഞ്ഞു ഒരു ബലിക്കല്ല് ഒരർത്ഥമില്ലാതെ ഇതിന്നപ്പുറത്തും സ്ഥാപിച്ചു. അന്തർജ്ജനത്തെ സമാധാനിപ്പിച്ചു ഇല്ലത്തേക്കു മടക്കിഅയച്ചു—ഇന്നും അർത്ഥമില്ലാതെ ഒരു കല്ല് സപ്തമാതൃക്കളുടെ സമീപമായി ആ ക്ഷേത്രത്തിൽ കിടക്കുന്നതായികാണാം. നോക്കണേ നടുവിലെപ്പാടിന്റെ നേരംപോക്ക്!

തിരുവിതാംകൂറിൽ ഏററുമാനൂർനിന്നു ഉദ്ദേശം മുപ്പതുനാഴിക കിഴക്കേതെക്കായി "ചിറക്കടവ്" എന്നുപേരായ ഒരു ദേശമുണ്ട്. അവിടെ നാലുകരക്കും പ്രബലന്മാരായ ആളുകളുണ്ടായിരുന്നു ഒരുകാലത്തു കിഴക്കേക്കര ജനങ്ങൾ കുറച്ചു ക്ഷീണിച്ചുവശായി. അവിടെയുള്ള ക്ഷേത്രത്തിൽ ഒരുകലശംകഴിപ്പാൻ തീർച്ചയാക്കി. അതിന്നുവേണ്ടുന്ന ക്രിയാദികൾ നടക്കുന്നു ഈ കാലത്തു ഒരുദിവസം നടുവിലെപ്പാട്ട അവിടെപോയി. അവിടെയുള്ള നമ്പൂതിരിമാര് ഇദ്ദേഹത്തെ അത്ര കൊണ്ടാടിയില്ല. അവിടെ ഒരു ഹോമം നടക്കുന്ന സമയമായിരുന്നു. ഹോമത്തിന്നു തീയ്യിന്റെ തെക്കുവടക്കും പടിഞ്ഞാറും ഭാഗങ്ങളിൽ ഓരോ നീളംകൂടിയ പ്ലാശിൻ ചമതവെക്കുക പതിവുണ്ട്. ഇതിന്നു പരിധിഎന്നുപറയും. കിഴക്കെഭാഗത്തു ആദിത്യനെ പരിധി സങ്കല്പിച്ചു ഒരു പൂർവ്വാരാധിക്കുകയാണ്. പരിധിവെക്കുമാറല്ല—സ്രുവംകൊണ്ടു നെയ്യ് കോരി മന്ത്രംചൊല്ലി തീയ്യിൽ ഹോമിക്കുകയുംചെയ്യും. നമ്മുടെ നടുവിലെപ്പാട്ട നമ്പൂതിരിമാര് തന്നെ കൊണ്ടാടിയില്ലെന്നു കണ്ടപ്പോൾ നേരെപോയതു കിഴക്കെക്കര ആളുകളുടെ സമീപത്തേക്കാണ്.

ഇദ്ദേഹത്തെ കണ്ടമാത്രയിൽ അവിടെയുള്ളവർ ആദരപൂർവ്വം സൽക്കരിച്ചിരുത്തി. ഇദ്ദേഹമാരാണെന്നും ഇങ്ങോട്ടിറങ്ങിയതിന്റെ ഉദ്ദേശമെന്താണെന്നും അറിയുവാനുള്ള അത്യാഗ്രഹത്തോടുകൂടെ ഓരോന്നു ചോദിച്ചുതുടങ്ങി.

നടുവിലേപ്പാട്ട് — ഞാൻ ഒരു നമ്പൂതിരിയാണ്. ഇവിടെ നാലുകരക്കാരാണ് ഉള്ളതെന്നും കുറച്ചുകാലമായി നിങ്ങൾ കുറച്ചു ക്ഷീണിച്ചിരിക്കുന്നുവെന്നും കേട്ടു. ഇതിന്റെ പരമാർത്ഥം ഒന്നറിയണം

കിഴക്കേക്കര ജനങ്ങൾ — കാര്യംശരിയാണ്. ഈ കരക്കാർക്കുതന്നെയാണ് ഇപ്പോൾ അധഃപതനം എന്താചെയ്യുക കാലദോഷം.

നടുവിലേപ്പാട്ട് — കാലദോഷമോ? ആൾദോഷമോ? കുറച്ചേകുറച്ചുദിവസവും കൂടി കഴിഞ്ഞാൽ ഈ കരക്കാരാരും ബാക്കിയുണ്ടാകയില്ല തീർച്ചയാണ്.

ജനങ്ങൾ — പരിഭ്രമത്തോടും വ്യസനത്തോടുംകൂടെ അതെന്താണാവോ? ഇപ്പറഞ്ഞതിന്റെ താല്പര്യം മനസ്സിലായില്ല:—

നടുവിലേപ്പാട്ട് — ഈകാണുന്ന ക്ഷേത്രത്തിൽവെച്ച്, ഈ കരക്കാരായ നിങ്ങളെല്ലാവരും നിശ്ശേഷം നശിച്ചുപോകുവാൻ ഗംഭീരമായ ഒരു ആഭിചാരകർമ്മം നടക്കുന്നകഥ ആരും അറിഞ്ഞില്ലെന്നുണ്ടോ? ഒരു ലോഭവുംകൂടാതെ നൈകോരി നിങ്ങൾ നശിപ്പാനുള്ള മന്ത്രവുംചൊല്ലി "സ്വാഹാ" എന്നുപറഞ്ഞു അഗ്നിയിൽ ഹോമിക്കുന്നു. ആ ആഭിചാരദേവത തെക്കുംവടക്കും പടിഞ്ഞാറും ഭാഗങ്ങളിലേക്കുപോകാതെ ഇരിപ്പാൻ ഓരോ ചമതക്കോൽ വെച്ചിരിക്കുന്നു. ഇതുപോലെ കിഴക്കുഭാഗത്തും വെക്കേണ്ടതല്ലേ? ചെയ്തില്ല — മേൽപറഞ്ഞ ദേവതയെ കിഴക്കോട്ടു വിടുകയാണ്. ഇത്തരം പ്രവൃത്തിതുടങ്ങിയാൽ — ശിവശിവ — എന്തിക്കൊന്നും അറിഞ്ഞുകൂടാ. ഇതുകൊണ്ടുണ്ടാകുന്ന താമസം മാത്രം. കിഴക്കേക്കര ജനങ്ങൾ ആയുധപാണികളായി ക്ഷേത്രത്തിലേക്കു പുറപ്പെട്ടു — ക്ഷേത്രത്തിൽ വന്നുനോക്കിയപ്പോൾ നടുവിലേപ്പാട്ടു പറഞ്ഞതു എത്രയും പരമാർത്ഥമാണ് — ഹോമം നടക്കുന്നു. കിഴക്കേഭാഗത്തുമാത്രം ചമതവെച്ചിട്ടില്ല — ബഹളമായി — നമ്പൂതിരിമാരും നടുവിലേപ്പാട്ടു പററിച്ചപണിയാണ് ഇതെന്നും മനസ്സിലായി. ഉടനെ അദ്ദേഹത്തെ പാട്ടിൽപിടിച്ചു ഇവരെ സമാധാനിപ്പിച്ചു മടക്കി — കിഴക്കുഭാഗത്തും ഇവിടെ ഒരു പരിധിവെക്കുക എന്നു ഇവരെ സമാധാനപ്പിപ്പാൻ അന്നു അദ്ദേഹം അവിടെവെച്ചു തീർച്ചയാക്കി. പിന്നീടു ആ നാട്ടിൽ ഹോമത്തിനു കിഴക്കുഭാഗത്തും പരിധിവേണമെന്നു തീരുമാനിച്ചു.

---

# വിളി

(പി. ടി. എൽ., എരനെല്ലൂർ)

കളിനിർത്തിവരിൻ കിടാങ്ങളെ!
പകലില്ലിന്നിനി കേളിയാടുവാൻ
പകലോൻ പതിവിൻപടിക്കതാ
കടലിൽ താണുകഴിഞ്ഞു കാണുവിൻ! 1

തരുവല്ലികൾ തമ്പടപ്പിലും
കരകാണാത്ത വിയൽപ്പരപ്പിലും
പലമട്ടു പറന്നു പാടിയാ
കിളികൾകൂടണയാൻ തുടങ്ങയായ്. 2

എന്തി തെല്ലിട വിശ്രമിക്കുവാൻ
തുനിയുന്നി ദിനമിങ്ങു നീളവേ
നെടുവീർപ്പുവിടുന്നപോലെവ-
ന്നടിയുന്നുണ്ടൊരു മന്ദമാരുതൻ. 3

പകലിന്റെ പടന്റു പൊങ്ങിയ
സ്വരമാദിത്യകഠോരവഹ്നിയിൽ
ഒരുമട്ടു ദഹിച്ചടങ്ങി ഹാ!
ഭുവനം കാണുക ശാന്തസുന്ദരം! 4

നരർതൻ വ്യവഹാരമാകവേ
ഭുവി പാഴ്ക്കേളികളെന്നു കണ്ടിടും
പരമാമൊരു ദിവ്യശക്തിതൻ
സ്മരണക്കുള്ള മുഹൂർത്തമായിതാ. 5

വെറുതെ കുറെ പോയ്ക്കളിക്കണം
ജഠരാഗ്നിക്കു ശമം വരുത്തണം
മുറയേവമനുക്രമം തുട-
ന്നിടുവാനായ്ക്കൊതിപൂണ്ട ശൈശവം. 6

പ്രിയകുട്ടികളേ! കഠോരമാം
മുറിവേറും നരജീവിതത്തിലെ
പടുശസ്ത്രവിധിക്കു മുമ്പെഴും
സുഖമാം കൃത്രിമനിദ്രമാത്രമാം. 7

കളിയും ചിരിയും പരക്കവേ
പുളകംചേർപ്പൊരവസ്ഥവിട്ടുടൻ
ചെവിപാർക്കുക നമ്മളെപ്പൊഴാ
വരുമദ്ദിവ്യവിളിക്കു സാമ്പ്രതം! 8

മതിയെന്നിലുപോലുമെന്നിയേ
ഗതിമുട്ടിത്തിരിയുന്ന ചിന്തകൾ
ഉയരട്ടെ നമുക്കുദാരമാം
തെളിവാനിൻ ചിരിമാറിടത്തിലായ്. 9

പലപൊന്മുകിലാലെയും തനി-
ത്തെളിവെള്ളിജ്ജലങ്ങളാലെയും
പകലിന്റെ പടുത്തുപൊക്കിയാ-
മികവേറീടിന കോട്ടപോലുമേ. 10

പരിതൃപ്തിയണച്ചിടാത്തതായ്
കരുതിക്കൊണ്ടൊരദൃശ്യമാം കരം
ഗഗനത്തിലടിച്ചുടയ്ക്കവേ:—
പുരുതാരാവലി ചിന്നിടുന്നിതാ! 11

പരമീശ്വരഭക്തിയുള്ളിലു-
ജ്ജ്വലമായ് കത്തിയെരിഞ്ഞുകൊള്ളവേ:
ഇരുൾവന്നു കരേറിടുന്നിതാ
പുറമേ കാൺക ചരാചരങ്ങളിൽ! 12

വിരിവെഴ്ത്ത നഭസ്സിലെങ്ങുമേ
വരിയായിത്തിരിവെച്ചു സന്ധ്യയാൾ!
തെളിവാളുമതിന്നു [illegible]ക്കാരെ
തൊഴുകയ്യായി മുഴു പ്രപഞ്ചവും!! 13

കളിനിർത്തിവരിൻ കിടാങ്ങളേ!
അകതാരിങ്കൽ നമുക്കുമൊപ്പമായ്
തെളിയട്ടെ മഹേശചിന്തയാൽ
നിറമേറുന്ന കെടാവിളക്കുകൾ! 14

---

ചെറുകഥ.

# പ്രതികാരമോ?

('ഇൻഡ്യൻ റിവ്യൂ'വിൽനിന്ന്)

ഇതുവരെയും എന്റെ ഹൃദയത്തിൽ കിടന്നുഴുകുന്ന ആ വിചാരങ്ങളെ—ഹാ! അതോർക്കുമ്പോൾ ഹൃദയം പ്രതികാരേച്ഛയാൽ തരളിതമാകുന്നു—ഇതുവരെ അവനെ അറിയിച്ചിട്ടില്ല. അല്ല! എന്തിന് അവയൊക്കെ ആവർത്തിച്ച് അവന്റെ മ

നസ്സും പുണ്ണാക്കണം! വന്നതൊക്കെ വന്നു. അതിൻെറ കാരണക്കാരനായ നരൻ പ്രതികാരത്തിന്നതീതനായുംതീൎന്നു അനവധികാലമായുള്ള ആ വെറുപ്പിനെ അവൻെറ ഹൃദയത്തിലും പകൎത്തിയിട്ടെന്തു പ്രയോജനം. ഏവംപ്രകാരമുള്ള വിചാരങ്ങളുടെ ഫലമായി ആ കാര്യത്തെ അവനോടൊരിക്കലും തുറന്നുപറഞ്ഞിട്ടില്ല. എന്നാൽ എന്നേക്കും അതു ഗോപ്യമായിവെക്കാൻ സാദ്ധ്യവുമല്ലല്ലൊ.

ഞങ്ങൾ ജനിച്ചു വളൎന്നതു 'ആന്തൂർ' ദേശത്തായിരുന്നെങ്കിലും ഞാനും സഹോദരനും ഇപ്പോൾ കല്ക്കട്ടയിൽ താമസമാണു്. ഞാൻ ഒരു ഗൃമസ്ഥൻ; സുബോധനൻ ഇൻറർമീഡിയെററിൽ വായിക്കയാണു്. അവൻ ബുദ്ധിമുട്ടി നല്ലപോലെ പഠിച്ചിരുന്നെങ്കിലും ഈയിടെയായി ഒരു ഭൂതാവേശത്തിൽ പെട്ടതുപോലെയാണു്. സാധാരണ നാം വിചാരിക്കുന്നതുപോലുള്ള ഒരു ഭൂതമൊന്നുമായിരുന്നില്ല അതു്; പിന്നെയൊ, സജീവനായ ഞങ്ങളുടെ മച്ചുനൻ കൃഷ്ണനാഥനായിരുന്നു അതു്. കൃഷ്ണനാഥൻ നാട്ടിൽനിന്നു ഉപരിവിദ്യാഭ്യാസത്തിന്നെന്നുള്ള നാട്യേന കല്ക്കത്തയിൽ വന്നു ഒരു വലിയ ഹോട്ടലിൽ താമസംതുടങ്ങിയ അന്നുമുതൽ സുബോധനൻ സ്വബോധമില്ലാത്തവനായിതീൎന്നു.

മുൻപെല്ലാം ഞാൻ ആപ്പീസിൽനിന്നു മടങ്ങിവരുമ്പോൾ സുബോധനൻ വീട്ടിലുണ്ടാവും. വിളക്കുകളത്തിയാൽ ബുക്കുമായി മൽപിടുത്തമാകയുംചെയ്തിരുന്നു. അവൻെറ വായനകേട്ടു സന്തോഷിച്ചു് ഞാൻ ആപ്പീസിലെ ബുദ്ധിമുട്ടുകൾകൂടി മറന്നുപോകാറുണ്ടായിരുന്നു. എന്നാൽ കുറച്ചുനാളായി എട്ടുമണികഴിയാതെ (ചിലപ്പോൾ അതിലും വൈകാറുണ്ടു്.) അവൻ വീട്ടിലെത്തിയിരുന്നില്ല. ചിലപ്പോൾ ഞാൻ ദ്വേഷ്യപ്പെടും; ചിലപ്പോൾ ഗുണദോഷിക്കും. പക്ഷെ എല്ലാം വിഫലം. അധികം ദ്വേഷ്യപ്പെട്ടു ചോദിക്കുമ്പോൾ അവൻ "ഞാൻ സ്നേഹിതന്മാരോടൊന്നിച്ചു വായിക്കയാണു്. അതുകൊണ്ടു എളുപ്പം തോന്നുന്നുണ്ടു്. അതിനെന്തിനാണു് ജ്യേഷ്ഠൻ ദ്വേഷ്യപ്പെടുന്നതു്. തോററിരുന്നുവെങ്കിൽ ദ്വേഷ്യപ്പെടാൻ ന്യായമുണ്ടായിരുന്നു" എന്നാണു് മറുപടി പറയുക.

സഹോദരൻ, . പറഞ്ഞതുകേൾക്കാതായപ്പോൾ എനിക്കു് അവനെ ബാധിച്ച ആ ഭൂതത്തോടു കലിവന്നു. ഇതിനു അവനെ ഒന്നു പഠിപ്പിക്കണമെന്നു എനിക്കു മോഹമുണ്ടായിരുന്നെങ്കിലും അവൻെറ ശുക്രദശയാലൊ എന്തൊ സാധിച്ചില്ല. മാത്രമല്ല, അവനെ അന്വേഷിച്ചു് ഹോട്ടലിൽ ചെല്ലുമ്പോഴൊന്നും അവനെ കണ്ടുകിട്ടാനും സാധിച്ചില്ല.

ഇപ്രകാരമായിരുന്നു എൻെറ സ്ഥിതി. അതിനാൽ സുബോധനൻ പരീക്ഷയിൽ തോററുഎന്ന വാൎത്ത കേട്ടപ്പോൾ എൻെറ ക്ഷമ പമ്പകടന്നു. കാൎയ്യങ്ങളുടെ ശരിയായ വശം അവനെ മനസ്സിലാക്കാനും നിൎബ്ബന്ധിതനായപോലെ തോന്നി. ഇങ്ങിനെയൊക്കെ വരുമെന്നു ആരറിഞ്ഞു!

ഞാൻ പറയാൻതുടങ്ങി "നിൻെറ ആ പ്രാണസ്നേഹിതനില്ലെ — കൃഷ്ണനാഥൻ!—നമ്മുടെ മാതുലനായ—ആ ദ്രോഹി—രാമനാഥൻെറ മകനാണു്. നമ്മുടെ അച്ഛൻെറ പണംകൊണ്ടു തടിച്ച അയാൾ ഇപ്പോൾ പ്രമാണിയാണ്! അയാൾക്കു് നാട്ടിൽ ഒരുപിടി സ്വത്തുണ്ടു്. എന്നാൽ നമുക്കെന്താണു് ശേഷിച്ചതു്. അയാളുടെ ദ്രോഹം കഴിഞ്ഞപ്പോഴേക്കു മകനും ദ്രോഹിക്കാൻ പുറപ്പെടുന്നു. മാത്രമോ, നിന്നെക്കൊണ്ടു കുരങ്ങുകളിപ്പിക്ക

യും ചെയ്യുന്നു. എൻെറ കുട്ടി! ഇതെല്ലാം ഓൎമ്മവെച്ചാൽ നിനക്കു് നന്നു്”

ദേഷ്യംകൊണ്ടു എന്തൊക്കെയാണു് പറഞ്ഞതു് എന്നു എനിക്കു് തന്നെ നിശ്ചയമുണ്ടായിരുന്നില്ല. അവ സുബോധനനിൽ എന്തെല്ലാം മാററങ്ങളാണു് വരുത്തിയിരുന്നതു എന്നു നോക്കാനും തുനിഞ്ഞില്ല. കുറച്ചുനേരം ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചപ്പോൾ അവൻ കടന്നുപറഞ്ഞു. “ജ്യേഷ്ഠാ! അവനല്ല ഇതിൽ തെററുകാരൻ”

എനിക്കു ദേഷ്യം വൎദ്ധിച്ചു. ഞാൻ അവൻെറനേരെ തുറിച്ചുനോക്കി. പിന്നേയും പറഞ്ഞു “ആഹാ! അവനല്ല തെററുകാരൻ അല്ലേ? അല്ലല്ല! അവൻെറ അച്ഛൻ അന്യൻെറ പണംകൊണ്ടു സുഖിക്കുന്നവൻ! അതേ! ആ ദ്രോഹി.”

സുബോധനൻ തലതാഴ്ത്തി മിണ്ടാതെനിന്നു; ഞാൻ തുടൎന്നു.

“ഇത്രയും നിനക്കു രക്ഷപ്പെടാൻ അവസരമുണ്ടു്. നിൻെറ ആ പ്രാണസ്നേഹിതൻ നമ്മുടെ പണംകൊണ്ടു സുഖിക്കുന്നു. പോട്ടെ അരിയുംതിന്നു ആശാരിയേയുംകടിച്ചു പിന്നേയുംനായ മുന്നോട്ടായാലോ? അവൻ—ആ മകൻ—നിന്നെ അലട്ടുന്നു. നിന്നെ അവൻെറ ചൊല്പ്പടിക്കാക്കാനുള്ള വിദ്യയാണിതെല്ലാം. ഇതെല്ലാം അറിഞ്ഞുംകൊണ്ടു് അവൻെറ കൂട്ടുപിടിക്കുന്നുവല്ലോ! അല്ലാ! അതാണു് നിനക്കു അധികം ഇഷ്ടമെങ്കിൽ നമുക്കു് പിരിയാം. അതല്ലാതെ ആണായി ജീവിക്കണമെന്നുണ്ടെങ്കിൽ അവനേയും അവൻെറ വസ്തുക്കളേയും നീ തീരെ വെറുക്കണം. അവൻെറ ചക്കരവാക്കു് നിന്നെ—”

ഉടനെ അവൻെറ കണ്ണിൽനിന്നു കണ്ണുനീർ വീഴുന്നതു്കണ്ടു വൎത്തമാനം നിറുത്തി. എത്ര വ്യസനം വന്നിട്ടായിരിക്കണം അതുണ്ടാവാൻ എന്നു ഞാൻ നിരീച്ചു. അതേവിധത്തിലുള്ള വാക്കുകൾ എൻെറ അമ്മ എന്നോടുപറയാറുണ്ടായിരുന്നപ്പോൾ എനിക്കുണ്ടാകാറുണ്ടായിരുന്ന വ്യഥ ഓൎമ്മവന്നു. എൻെറ മനസ്സിലുള്ളപോലെ പ്രതികാരേച്ഛ അവനിലും ഉദിച്ചിട്ടുണ്ടായിരിക്കണമെന്നു എനിക്കു് തോന്നി. കൃഷ്ണനാഥൻ നിരപരാധിയാണെന്നു അവൻ പറഞ്ഞതു തൻെറ സങ്കടപരിഹാരത്തിനു വേണ്ടിയായിരിക്കാമെന്നും ഞാൻ കരുതി.

ആ സങ്കടം എന്നിലും പകൎന്നതായി തോന്നി. അതു എന്നേയും വേദനപ്പെടുത്തിയെങ്കിലും ഈ അവസരത്തിൽ അവനെ വിമുക്തനാക്കുന്നതല്ല നല്ലതെന്നു എനിക്കു തോന്നി. അവൻെറ ഗുണത്തിനുവേണ്ടിയല്ലേ ഇപ്രകാരമൊക്കെ പറഞ്ഞതു്. അതിനാൽ വീണ്ടും ഗൌരവത്തിൽ പറഞ്ഞു “അവൻെറ അച്ഛനെ പണക്കാരനാക്കിയ ദുഷ്ടതകൾ മകനിലും പകൎന്നിട്ടുണ്ടെന്നു വിചാരിക്കണം. അതിനാൽ അവൻെറ കൂട്ടു് ഉപേക്ഷിക്കുക.”

സുബോധനൻെറ ദേഹം വിറക്കാൻ തുടങ്ങി എൻെറ വാക്കുകൾ ഫലിച്ചു എന്നു കരുതി ഞാൻ സന്തോഷിച്ചു. ഞാൻ ഈ വിദ്യ കുറെ മുമ്പെ പ്രയോഗിച്ചുവെങ്കിൽ അവൻ തീൎച്ചയായും തോല്ക്കുകയില്ലായിരുന്നു. ഈ വിട്ടുവീഴ്ചയെപ്പററി പശ്ചാത്തപിച്ചു.

ഞാൻ ദേഷ്യപ്പെട്ട പിറേറന്നുമുതൽ സുബോധനൻ സ്വബോധം വീണവനെപ്പോലെ കാണപ്പെട്ടു. പണ്ടത്തെപ്പോലെ നേരത്തെ വീട്ടിൽ വന്നുതുടങ്ങി. പഠിത്തത്തിലും കൂടുതൽ ഉത്സാഹംകാണിച്ചുവന്നു ഞാൻ അവൻെറ മുറിയിൽ ചെല്ലുമ്പോഴെല്ലാം അവൻ വായനയിൽ ആണ്ടി

രിക്കുന്നതായി കണ്ടു. ഇത്ര അധികം ബുദ്ധിമുട്ടുന്നത് നല്ലതല്ലെന്നു എനിക്കു തോന്നി. ഇടക്ക് സ്വല്പം കളിതമാശകൾ വേണ്ടതാണ്. എന്നാൽ കൈ അയച്ചാൽ പണ്ടത്തെപ്പോലെ സംഭവിച്ചെങ്കിലോ എന്നു കരുതി ഞാൻ അതു അവനോടു തുറന്നുപറഞ്ഞില്ല. വീട്ടിൽ വെച്ചെങ്കിലും കുറച്ച് വ്യായാമം ചെയ്യട്ടെ എന്നു കരുതി ചില ഉപകരണങ്ങൾ ഞാൻ സജ്ജീകരിച്ചെങ്കിലും അതെല്ലാം ഉപയോഗശൂന്യമായി തന്നെ പരിണമിച്ചു.

ഞാൻ വേറൊരു സൂത്രം പ്രയോഗിച്ചു ഞാൻ മൂന്നാലു മാസികകളുടെ വരിക്കാരനായി. അവ വായിച്ചെങ്കിലും അവൻ ആഹ്ലാദിക്കട്ടെ എന്നായിരുന്നു. ഒരു ദിവസം ഞാൻ ആപ്പീസിൽനിന്നു മടങ്ങുമ്പോൾ കുറെ ചെറിയ നോവലുകൾ വാങ്ങി. അന്നു സുബോധനൻ പതിവിൻപടി മടങ്ങിയെത്തിയിട്ടുണ്ടായിരുന്നില്ല അവൻ വന്നപ്പോൾ ഞാൻ ചില ഫയലുകൾ നോക്കിയിരിക്കയായിരുന്നതിനാൽ പുസ്തകങ്ങൾ ഉടനെ അവനെ ഏല്പിച്ചില്ല ജോലികഴിഞ്ഞു അവന്റെ മുറിയിൽ ചെന്നു നോക്കിയപ്പോൾ അവൻ വായനയിൽ മുഴുകിയിരിക്കയായിരുന്നു അവന്റെ സന്തോഷസമയത്തെ ഇപ്രകാരം ഇല്ലാതാക്കിയല്ലോ എന്നു വിചാരിച്ച് ഞാൻ സ്വല്പം അവിടെ നിന്നു. ഉടനെ അവനെ വിളിച്ചപ്പോൾ അവൻ പെട്ടന്നു പുസ്തകം അടച്ചു താഴെവെച്ച് എഴുന്നീററു. ഞാൻ അടുത്തുചെന്നു അതെടുത്ത് നോക്കിയപ്പോൾ അതു 'പ്രതികാരം' എന്ന ഒരു നോവലാണെന്നു കണ്ടതിൽ അല്പം അസ്വാസ്ഥ്യമുണ്ടാകാതിരുന്നില്ല. മേശപ്പുറത്തു നോക്കിയപ്പോൾ പലവിധത്തിലുള്ള നോവലുകളും മററുമാണവിടെ കണ്ടത്. ഇത് ഞാൻ നേരത്തെ നോക്കിയില്ലല്ലോ എന്നു വിചാരിച്ചു. ഞാൻ കൊണ്ടുവന്നിരുന്ന പുസ്തകങ്ങൾ മേശപ്പുറത്തുവെച്ചു പറഞ്ഞു

"നിന്റെ കയ്യിൽ അനവധി നോവൽ ഉണ്ടല്ലോ. ഇതാണോ ഇപ്പോൾ—"

"അല്ല! പാഠങ്ങൾ വായിച്ചു മടുക്കുമ്പോൾ ഞാൻ അവയിൽ ഒന്നു എടുത്തു നോക്കും" അവൻ പറഞ്ഞു.

എനിക്കു സ്വല്പം സമാധാനമായി.

അതേസമയം എന്റെ ആപ്പീസ് സൂപ്രണ്ട് മി: മജുംദാർ എന്റെ പിന്നിലെത്തി. "ഹേയ് എന്താ ഇവിടെ? അനുജന്റെ പഠിപ്പുമുറി പരിശോധന! അല്ലേ! ഇതെന്താത്? മേശപ്പുറം മുഴുവനും വേണ്ടാത്ത പുസ്തകങ്ങൾ" എന്നു പറഞ്ഞു ഓരോ പുസ്തകങ്ങളായി എടുത്തുനോക്കി. അവയെല്ലാം അവിടെയിട്ടു പറഞ്ഞുതുടങ്ങി.

"മോശം! മോശം! ഈ വേണ്ടാത്ത കുണ്ടാമണ്ടിയൊക്കെ തലയിൽ കേററിയാൽ ഇനിയും തോല്ക്കാനാണു എളുപ്പം. (എന്നോടു) കാന്തിബാബു! നിങ്ങൾക്കു സഹോദരന്റെ അഭ്യുദയത്തിൽ കാംക്ഷയുണ്ടെങ്കിൽ ഈ ചപ്പുചവറുകൾ ഒന്നും തൊടാൻതന്നെ അനുവദിക്കരുതു."

മി: മജുംദാർ സ്വദേശിപ്രസ്ഥാനത്തോടും മററും പണ്ടേതന്നെ വെറുപ്പുള്ള യാഥാസ്ഥിതികനായിരുന്നതിനാൽ അദ്ദേഹം പറഞ്ഞതു മുഴുവൻ അങ്ങിനെതന്നെ സ്വീകരിപ്പാൻ ഞാൻ തയ്യാറുണ്ടായിരുന്നില്ല. ഞങ്ങളുടെ സ്വാതന്ത്ര്യബോധത്തിനും മനോബലത്തിനും കാരണം സ്വദേശിപ്രസ്ഥാനമായിരുന്നു കാരണമെന്നായിരുന്നു എന്റെ വിചാരം. അതിനെപ്പററി തർക്കിക്കേണ്ടെന്നു വിചാരിച്ച് വേറെ ഓരോന്നു പറഞ്ഞു അദ്ദേഹത്തെ എന്റെ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഞങ്ങളുടെ മേലധികാരി പിറേറന്നു ആപ്പീസ് പരിശോധിക്കാൻ വരുമെന്നും അതിനാൽ നേരത്തെ വരണമെന്നും പറവാനായിരുന്നു അദ്ദേഹം വന്നത്.

എന്റെ മനസ്സിനെ ശല്യപ്പെടുത്തുവാൻ യാതൊരു കാരണങ്ങളുമുണ്ടായിരു

ന്നില്ല. എന്നാൽ സുബോധനനെപ്പററിയുള്ള വിചാരങ്ങൾ ചിലപ്പോൾ എൻെറ മനസ്സിൽ ഉണ്ടാകാറില്ലെന്നുമില്ല. അന്നു രാത്രിയിൽ ഞാൻ ഉറങ്ങാൻ കിടന്നപ്പോൾ അവൻെറ കാര്യങ്ങൾ ഓരോന്നായി ചിന്തിക്കാൻതുടങ്ങി. രാത്രിയിൽ ചെറുകാര്യങ്ങളും വലുതായിതോന്നുമല്ലൊ.

"ആ പുസ്തകത്തിൻെറ പേര്! "പ്രതികാരം!" എന്തൊരാവേശത്തോടുകൂടിയാണ് അവൻ അതു വായിച്ചിരുന്നത്! ഞാൻ മുറിയിൽ പ്രവേശിച്ചതുതന്നെ അവൻ അറിഞ്ഞില്ല! ഞാൻ വിളിച്ചപ്പോൾ അവൻ ഞെട്ടി പുസ്തകം അടച്ചു! എന്താണിത്ര ഭയം? എന്താണ് ഇത്ര ഗോപ്യമായി വായിക്കുന്നത്! വായിക്കുമ്പോൾ മററൊന്നും അറിയാതിരിക്കാൻ മാത്രം ഇത്രവലിയ പ്രതികാരേച്ഛയോ, അവനിൽ എൻെറ ഹൃദയം മങ്ങി. ഇപ്രകാരമുള്ള വിചാരങ്ങളാൽ വളരെ ബുദ്ധിമുട്ടിയതിനുശേഷമേ നിദ്രവന്നുള്ളു.

അന്നുകാലത്താണ് മേലധികാരി ആപ്പീസ് പരിശോധനക്കു വരുന്നത്. ധൃതിയിൽ നിത്യകൃത്യങ്ങളെ കഴിച്ച് ആപ്പീസിലേക്ക് യാത്രയായി. മേലധികാരിയുടെ വരവുപ്രമാണിച്ച് അന്നു ആപ്പീസ് നേരത്തെ പിരിഞ്ഞു. പിറെറദിവസംമുതൽ നവരാത്രിമുടക്കവും ആയതിനാൽ ഞാൻ വളരെ ആഹ്ലാദത്തോടുകൂടിയാണ് മടങ്ങിയതു്.

സുബോധനൻ മടങ്ങേണ്ട സമയമായിരുന്നില്ല; എന്നാൽ ഞാൻ വീട്ടിൽചെന്നപ്പോൾ കണ്ട കാഴ്ച എന്നെ അതിശയിപ്പിച്ചു. അവൻെറ മുറി അകത്തുനിന്നു പൂട്ടിയിരുന്നു. എന്നുതന്നേയല്ല അകത്തു എന്തോ ചില വാക്കുതക്കവും കലഹവും കേൾക്കാറായി.

ഞാൻ ചെവികൊടുത്തു; എനിക്കു സുബോധനൻെറ ശബ്ദം തിരിച്ചുകേൾക്കാമായിരുന്നു. "എടാ! ദ്രോഹി" അവൻ പറകയായിരുന്നു "ഇതാണ് എൻെറ പ്രതികാരം, നോക്ക്" ഉടനെ എന്തോ ഒരായുധം 'ഛിൽ' എന്ന ഒച്ചയോടുകൂടി നിലത്തു വീഴുന്നതും കേട്ടു എൻെറ തല പുകയാൻതുടങ്ങി. അവൻ പ്രതികാരത്തിനുവേണ്ടി രക്തംതന്നെ ചൊരിയുവാൻ സന്നദ്ധനായിരിക്കുന്നു എന്നു എനിക്ക് മനസ്സിലായി. ഇതിൻെറ കാരണക്കാരൻ ഞാനാണല്ലൊ എന്നു വിചാരിച്ചപ്പോൾ ഭയംകൊണ്ടും പശ്ചാത്താപംകൊണ്ടും എൻെറ ദേഹം വിറച്ചു. ഞാൻ ഉറക്കെ നിലവിളിച്ചു. "സുബോധനാ! സുബോധനാ!!"

ഉടനെ എല്ലാം നിശ്ശബ്ദമായി; എന്നാൽ വാതിൽ തുറന്നില്ല 'ചടപട' എന്ന ചില കാലടിശബ്ദംകൊണ്ടും സുബോധനൻ പിൻവാതിൽക്കൽകൂടി പുറത്തേക്കു പോയതായി ധരിച്ചു. ഞാൻ ആ പുറത്തേക്ക് ഓടി ആ വാതിൽക്കൽകൂടി അകത്തുകടന്നു. അവിടെ ആരും ഉണ്ടായിരുന്നില്ല. "കുറച്ചുമുമ്പിൽ വീണതായികേട്ട ആയുധം എവിടെ? തീച്ചയായും അവൻ അതുംകൊണ്ടു് ഓടിയിരിക്കണം. എന്താണിതിൻെറയൊക്കെ അത്ഥം" എന്നിക്കുവിചാരമായി.

ഉടനെ ഞാൻ കൃഷ്ണനാഥൻെറ വസതിയിലേക്കു പോയി. അവനു മുന്നറിവു കൊടുക്കണമെന്നു എനിക്കു തോന്നി. അവിടെ ചെന്നപ്പോൾ അവൻ നാട്ടിലേക്കു പോയതായി അറിവുകിട്ടി. അല്പം ആശ്വാസംതോന്നി ഞാൻ മടങ്ങി സുബോധനനെ കാത്തിരുപ്പായി. ഇരുട്ടായാൽ അവൻ മടങ്ങിവരുമല്ലൊ. നേരംകുറെ വൈകിയിട്ടും സുബോധനനെ കാണുന്നി

ല്ല. അത്താഴത്തിനുള്ള സമയമായിട്ടും തൈഗവ. വാല്യക്കാരോട് അവൻ വല്ലത്തും പറഞ്ഞുപോയിട്ടുണ്ടോ എന്നു അന്വേഷിച്ചതിലും ഫലമുണ്ടായില്ല. പിന്നെയും ഞാൻ കൃഷ്ണകാന്തന്റെ വസതിയിൽപോയി അവിടെയെല്ലാം അന്വേഷിച്ചതിലും യാതൊരു വിവരവും കിട്ടിയില്ല. മടങ്ങിവന്നു പേരിനു ഊണുകഴിച്ചു എന്നു വരുത്തി. അന്നു ഉറക്കവും തീരെയുണ്ടായില്ല.

പിറ്റേദിവസം പത്തുമണിയായിട്ടും സുബോധനനെ കാണാതെയപ്പോൾ എനിക്ക് തീരെ ക്ഷമയില്ലാതായി. ഒരുപക്ഷെ അവൻ പ്രതികാരംചെയ്വാൻ കൃഷ്ണനാഥനെ പിന്തുടർന്നിരിക്കുമോ എന്നൊരു വിചാരം ഉള്ളിൽകടന്നു. എന്നെയും അതിൽ പെടുത്തണ്ടെന്നു വിചാരിച്ചായിരിക്കാം അവൻ ഓടിപ്പോയത്. അഹോ, കഷ്ടമേ! ഇത്രയുമായപ്പോഴേക്കും തലക്ക് ഭ്രാന്തുപിടിച്ചപോലായി. ഉടനെ മണിപ്പേർസും എടുത്തു വണ്ടിയാപ്പീസിലേക്കു ഓടി. അന്നു മുടക്കമായിരുന്നതു ശുക്രദശയായി കരുതി.

അഞ്ചുമണിക്ക് വണ്ടി ഞങ്ങളുടെ നാട്ടിലെ സ്റ്റേഷനിലെത്തി. ഉടനെ ചാടിയിറങ്ങി അമ്മാമന്റെ വീട്ടിലേക്ക് ഓടി. ചുറ്റുമുണ്ടായിരുന്ന സാധനങ്ങളോയാത്രക്കാരേയോ ഗണ്യമാക്കാതെ വെച്ചുപിടിച്ചു. ഞങ്ങളുടെ വീടിന്റെ വലത്തുഭാഗത്തായി ഒരു കുറ്റിക്കാടുണ്ട്. അതിൽകൂടി വീട്ടിലേക്ക് ഒരൊളുപ്പവഴിയുണ്ടായിരുന്നു. ഞാൻ അതിലേക്ക് കടന്നു. അത്ഭുതം! ഉടനെ സുബോധനന്റെ ശബ്ദം എന്റെ ചെവിയിൽ പതിച്ചു. പണ്ടത്തെപ്പോലെതന്നെ "എടാ, ദ്രോഹി! നോക്കിക്കോ" ഇതാണവൻ പറഞ്ഞിരുന്നതു്.

ഞാൻ മരംതിരിഞ്ഞുനിന്നു ഞാൻ വിചാരിച്ചതു ശരിയായിരുന്നു. ഒരു കൈകൊണ്ടു കൃഷ്ണനാഥന്റെ കഴുത്തിൽപിടിച്ചു മറ്റെക്കയ്യിലെ കത്തി വീശി അവൻ പറയുകയിരുന്നു 'എടാ, ദ്രോഹി! നോക്ക് ഞാൻ നിന്നോടു പ്രതികാരം ചെയ്യുന്നതിങ്ങിനെയാണ്."

ഇല്ലാ! സമയം അതിക്രമിച്ചിട്ടില്ല! കത്തി ദേഹത്തിൽ തറച്ചുകഴിഞ്ഞിട്ടില്ല. എന്റെ വരണ്ട തൊണ്ടയിൽകൂടിയുള്ള കച്ചമുഴവൻ പുറത്തേക്കുവരുത്തി ഞാൻ വിളിച്ചുപറഞ്ഞു. 'അരുതു്, സുബോധനാ! നിൽക്ക്! നിൽക്ക്! അവനെ കൊല്ലരുതു!' എന്നു തന്നെയല്ല ഉള്ള ശക്തിയെല്ലാം എടുത്തു് അവരുടെ സമീപത്തേക്കു പായുകയുംചെയ്തു. എന്നാൽ കഷ്ടം! വിധിവിഹിതം തടുക്കാവതോ? ഞാൻ അവർ നിന്നിരുന്നിടത്ത് എത്തിയപ്പോഴെക്കും കത്തി അതിന്റെ പ്രവൃത്തി നടത്തിക്കഴിഞ്ഞു. ഒരു ഞെരക്കത്തോടുകൂടി കൃഷ്ണനാഥൻ നിലംപതിച്ചു. ഭയംകൊണ്ടു ഞാനും മോഹാലസ്യപ്പെട്ടു് അടുത്തുവീണു.

ഞാൻ മോഹാലസ്യംതീർന്നു കണ്ണുമിഴിച്ചപ്പോഴുണ്ട്, കൃഷ്ണനാഥനും സുബോധനനും എന്റെ അടുക്കൽ നിൽക്കുന്നു. 'പ്രതികാരം' എന്നുള്ള കഥ പൂജക്കാലത്തു് അമ്മാമൻ രാമനാഥന്റെ വീട്ടിൽ വെച്ച് ആടാൻ അവര് തീർച്ചയാക്കിട്ടുണ്ടായിരുന്നുവെന്നും അവര് രണ്ടുപേരും ഒരു ശരിയായ 'റിഹേർസൽ' നടത്തിയതാണു അവിടെവെച്ചുണ്ടായ സംഭവമെന്നും പിന്നീടാണു് എനിക്ക് അവരിൽനിന്നും മനസ്സിലായതു്.

# പ്രേമാങ്കുരം.

(പുഴങ്കര നാരായണമേനോൻ.)

(മഞ്ജരി)

ഉന്മേഷമുള്ളിന്നിണങ്ങിചലിക്കവാ-
നനിദ്രമാകാവൂ പൊന്മലരേ,
നിർമ്മനിപ്പൂവു വികസിച്ചു നിർമ്മല
സമ്മോഹനഗന്ധം വീശിടാവൂ.
പാറപ്പുറത്ത പതിയ്ക്കാവൂ പൂവേ, നിൻ
പാദതലങ്ങൾ, പൂമ്പട്ടിലല്ല.
മഞ്ജുലമാമീ പ്രകൃതിസ്വഭാവമാം
പിഞ്ചിതളാലേ ഹൃദാഹരിപ്പൂ.
പങ്കത്തിലാണ്ടു വലയുന്നവല്ലികൾ
പൊന്തിപ്പതാകണം നിൻസൗരഭം
ചിത്രവർണ്ണങ്ങളാൽ കൺകക്കും കൊച്ചുപൂ-
മ്പാററയെപ്പോൽ കാററിലാടിടാവൂ.
പാരം പരിഹാസപ്പാപ്പിരിയല്ലനിൻ
താരിളം ചുണ്ടിൽ പരന്നിടേണ്ടൂ
ആരേയുമാഹ്ലാദലോലരാക്കിടുവാൻ
പോരും നവാശയവെണ്ണിലാവാം
എന്തെന്തുവൈചിത്ര്യമെൻ ചിത്തപാടിയ്ക്കു
ബന്ധുരം നിൻ മന്ദഹാസമേകാ!
കാമനേ, പിഞ്ചിളം രാഗത്താൽ മോഹന-
സൂനസുരഭില മേനിതന്നെ
ഏതു മട്ടുൾക്കൌതുകത്തോടെടുത്തുമൽ
ചേതനയ്ക്കാശ്വാസമേകിടാവൂ!
പച്ചക്കിളികളങ്ങിങ്ങു പറന്നുനിൻ
പിച്ചക്കളികൾക്ക കാത്തുനില്ലൂ.
അങ്ങിങ്ങകലുവാൻ വയ്യാത്തമട്ടിൽ നി
യിമ്മരവല്ലികൾ ബന്ധിക്കുന്നു.
കാമചാപല്യമേ കാണ്പ്പു ദാമ്പത്യ
മോമൽ സന്താനമുദിക്കവോളം.
പ്രേമത്തുമുത്തുള്ളിലങ്കുരിപ്പിപ്പതു
ശോഭാഭിരാമമാം സൂനമേ, നീ.